**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4691** **10-08-2021 - ൽ മറുപടിയ്ക്ക്**

**മുയൽ പ്രജനനകേന്ദ്രത്തിൽ മറ്റ് വളർത്തു മൃഗങ്ങളെ ചികിത്സിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള അങ്കമാലി മുയൽ പ്രജനന കേന്ദ്രത്തിൽ നിലവിൽ എത്ര മുയലുകളാണുള്ളത്; ഇവയെ പരിപാലിക്കാൻ എത്ര ജീവനക്കാരാണ് ഉള്ളത്; തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | (എ) | അങ്കമാലി മുയൽ പ്രജനന കേന്ദ്രത്തിൽ 27 മുയലുകളാണുള്ളത്. പ്രസ്തുത സ്ഥാപനത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. വെറ്ററിനറി സർജൻ – 1 ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ – 1 സാനിറ്റേഷൻ വർക്കർ – 1 നൈറ്റ് വാച്ചർ – 1 ലേബറർ(ദിവസ വേതനാടിസ്ഥാനത്തിൽ) – 1 |
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ മറ്റ് വളർത്തുമൃഗങ്ങൾക്ക് ചികിത്സയും കുത്തിവെയ്പ്പും നടത്തുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഇല്ല |
| (സി) | ഇവിടുത്തെ ജീവനക്കാർക്ക് ശമ്പള ഇനത്തിൽ ഒരു മാസം എത്ര രൂപയാണ് നൽകേണ്ടിവരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | അങ്കമാലി മുയൽ പ്രജനന കേന്ദ്രത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് ശമ്പള ഇനത്തിൽ നൽകുന്ന തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു- വെറ്ററിനറി സർജൻ – 81,113/- (വെറ്ററിനറി സർജൻ മെയ് 2018 മുതൽ ശമ്പളം വാങ്ങിയിട്ടില്ല) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ – 34,860/- സാനിറ്റേഷൻ വർക്കർ – 22,910/- നൈറ്റ് വാച്ചർ – 21,050/- ലേബറർ(ദിവസ വേതനാടിസ്ഥാനത്തിൽ) – 17,820/- |
| (ഡി) | ഇവിടെ മൃഗഡോക്ടറും മറ്റ് ജീവനക്കാരും ഉള്ള സ്ഥിതിക്ക് മറ്റ് മൃഗങ്ങൾക്ക് കൂടി ചികിത്സ നൽകുന്ന സെന്റർ ആയി ഈ സ്ഥാപനത്തെ ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്ന അതേ കാമ്പസിൽ തന്നെയാണ് അങ്കമാലി മൃഗാശുപത്രി പ്രവർത്തിച്ചുവരുന്നത് എന്നതിനാൽ ടി വിഷയം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ